# പ്രതിസന്ധികളുടെ കാലത്ത് വിശ്വാസികൾ എന്തു ചെയ്യണം?

:: തങ്കച്ചൻ തുണ്ടിയിൽ,നെല്ലിപ്പാറ ::

സൺഡേ ശാലോമിൽ രണ്ടു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ച കേരളസഭയുടെ മുറിവുകൾ എന്ന എഡിറ്റോറിയൽ സന്ദർഭോചിതവും വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടതുമായ സത്യങ്ങളാണ്. സഭ അവഹേളിക്കപ്പെടുമ്പോൾ, പീഡിപ്പിക്കപ്പെടുമ്പോൾ യഥാർത്ഥത്തിൽ നാമോരോരുത്തരുമാണ് പീഡിപ്പിക്കപ്പെടുന്നത്, അവഹേളിക്കപ്പെടുന്നത്. ഈയൊരു സത്യം മനസിലാക്കിയ ഒരു ക്രിസ്ത്യാനിക്ക് ഇവിടെ നിഷ്ക്രിയനായിരിക്കാൻ സാധ്യമല്ല. ഉന്നതന്മാരായാലും എത്ര കഴിവു കുറഞ്ഞവരായാലും ആ സ്ഥാനത്ത് നിന്നുകൊണ്ട് പ്രവർത്തിക്കാനും പ്രതികരിക്കാനും സാധിക്കും. സഭയുടെ ചരിത്രം പരിശോധിച്ചാൽ നമുക്കീ സത്യങ്ങൾ മനസിലാക്കാൻ സാധിക്കും. സഭയെ താറടിക്കാൻ, ഇല്ലാതാക്കാൻ ശ്രമിക്കുന്നത് ഇന്നിപ്പോൾ പ്രധാനമായും ദൃശ്യമാധ്യമങ്ങളിലൂടെയാണ്. ഇല്ലാത്ത കാര്യങ്ങൾ പെരുപ്പിച്ചും സത്യങ്ങൾ അസത്യമായും അസത്യം സത്യമായും പ്രചരിപ്പിക്കാൻ ഇന്ന് മാധ്യമങ്ങൾക്കുള്ള കഴിവ് അപാരമാണ്. ഇവിടെ സത്യം പ്രചരിപ്പിക്കാൻ സത്യപ്രചാരകരായ മാധ്യമങ്ങളുടെ പങ്ക് വലുതാണ്. എഡിറ്റോറിയലിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധയർഹിക്കുന്നു. ഏതൊരു യുദ്ധം വിജയിക്കണമെങ്കിലും രണ്ട് കാര്യങ്ങൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഒന്നാമതായി നമ്മുടെ ശത്രു ആരാണെന്നും അവന്റെ യുദ്ധതന്ത്രങ്ങൾ എന്താണെന്നും മനസിലാക്കിയിരിക്കണം. രണ്ടാമത്തെ കാര്യം ശത്രുവിനെ നേരിടാനുള്ള ആയുധങ്ങളും പദ്ധതികളും ഒരുക്കുകയെന്നതാണ്.

ബുദ്ധിജീവികൾ, എഴുത്തുകാർ, മാധ്യമപ്രവർത്തകർ, രാഷ്ട്രീയക്കാർ ഇവരെയൊക്കെ സ്വാധീനിച്ചുകൊണ്ട് സഭയുടെ മുഖം വികൃതമാക്കാൻ സാത്താൻ പരിശ്രമിക്കുമ്പോൾ, ഇവരെപ്പോലുള്ളവർ എല്ലാവരും സഭയുടെ ഭാഗത്തുനിന്നുകൊണ്ട് സഭയുടെ യഥാർത്ഥ മുഖം പ്രതിഫലിപ്പിക്കാൻ ദൈവവും മാറ്റിനിർത്തിയിട്ടുണ്ടെന്ന സത്യം നാം മനസിലാക്കണം.

ബാലിന്റെ മുമ്പിൽ മുട്ടു മടക്കാത്ത ഏഴായിരം പേരെ എനിക്കുവേണ്ടി ഞാൻ മാറ്റിനിർത്തിയിട്ടുണ്ട്. അപ്രകാരം തന്നെ കൃപയാൽ തിരഞ്ഞെടുക്കപ്പെട്ട ഒരവശിഷ്ടഭാഗം ഈ കാലഘട്ടത്തിലും ഉണ്ട് (റോമാ.11:4-5). ഈ പ്രവാചകദൗത്യം മനസിലാക്കിക്കൊണ്ട് തങ്ങളുടെ കഴിവുകൾക്കനുസരിച്ച് പ്രവർത്തിക്കേണ്ട സമയം സമാഗതമായി. ബുദ്ധിജീവികൾ, എഴുത്തുകാർ, മാധ്യമപ്രവർത്തകർ, രാഷ്ട്രീയക്കാർ എന്നിവർ ദൈവത്തോട് ചേർന്നുനിന്നുകൊണ്ട് ഇവിടെ യുദ്ധം ചെയ്യണം. നാമിവിടെ ക്രിസ്മസ് ആഘോഷിച്ചപ്പോൾ ഒറീസയിലെ ക്രൈസ്തവരുടെ കണ്ണുനീർ നമ്മുടെ കണ്ണുനീരുകൂടിയായി മാറിയോ? സഭയേതായാലും ഒറീസയെയോർത്ത് പ്രാർത്ഥനാദിനമായി ആചരിച്ചു. പക്ഷേ ദൈവാലയത്തിൽ നിന്നിറങ്ങിയതേ അക്കാര്യം വിസ്മരിച്ചു. വേദനകൾ മനസിലാക്കണമെങ്കിൽ നമ്മുടെയോരോരുത്തരുടെയും ജീവിതത്തിൽ അനുഭവിക്കുമ്പോൾ മാത്രമേ അതിന്റെ ഭീകരത മനസിലാകൂ. ഇവിടെയാണ് സഭാംഗങ്ങൾ ഒന്നിക്കേണ്ടതിന്റെ പ്രസക്തി. സഭയ്ക്കെതിരെ പാഷണ്ഡതകൾ പൊട്ടിപ്പുറപ്പെട്ടപ്പോൾ അവയ്ക്കെതിരെ അതേ നാണയത്തിലൂടെ തിരിച്ചടി നൽകി വിശ്വാസം കാത്തുസൂക്ഷിച്ച വിശുദ്ധരെ സഭാചരിത്രം പരിശോധിച്ചാൽ നമുക്ക് കാണാൻ സാധിക്കും. അതുകൊണ്ടാണ് നാമിപ്പോഴും നിലനിൽക്കുന്നതെന്ന സത്യം വിസ്മരിക്കരുത്. സത്യസഭ ഒരിക്കലും തകരുകയില്ല. പക്ഷേ ദൈവം നൽകിയ കഴിവുകൾ നാം വിനിയോഗിക്കാതിരിക്കുമ്പോൾ ഇവിടെ നഷ്ടമാകുന്ന ആത്മാക്കൾക്കാര് കണക്കു കൊടുക്കും? ഇവിടെയാണ് എന്റെ കടമ ഞാൻ നിർവഹിച്ചോയെന്ന് പരിശോധിക്കേണ്ട സമയം. കൂടുതൽ കൊടുത്തവരോടാണല്ലോ കൂടുതൽ ചോദിക്കുന്നത്? വിശ്വാസികളുടെ വിശ്വാസത്തെ ചോദ്യം ചെയ്യുമ്പോൾ താറടിക്കുമ്പോൾ- പിതാക്കന്മാർ ഇടയലേഖനം എഴുതി വിശ്വാസികളെ ശക്തിപ്പെടുത്തുന്നതിന്റെ രഹസ്യമെന്താണെന്ന് ഇതിനോട് ചേർത്ത് വായിക്കേണ്ടിയിരിക്കുന്നു. സെന്റ് പോൾ വർഷം, വചനവർഷം ഇവയോട് ചേർന്നാണ് ഒത്തിരി പ്രശ്നങ്ങൾ നാം തരണം ചെയ്യേണ്ടി വന്നത്. ഇതിൽനിന്നൊക്കെ ചില സത്യങ്ങൾ നാം മനസിലാക്കണം. വചനം വിതയ്ക്കാൻ സഭ എത്ര ശക്തിയോടെ മുന്നേറുന്നുവോ അതുപോലെ തിന്മ തിരിച്ചടിക്കുന്നു. ഈ പോരാട്ടത്തിൽ വിജയം വരിക്കണമെങ്കിൽ ആദ്യം നമ്മെത്തന്നെ വിശുദ്ധീകരിക്കണം. സഭയോട് ചേർന്നുനിന്ന് യുദ്ധം ചെയ്യണം. സഭാനേതൃത്വവും അല്മായരും പരസ്പരം പഴിചാരാതെ ഒന്നായി മുന്നേറണം. എഴുത്തുകാർക്കും മാധ്യമങ്ങൾക്കും ഇതിലുള്ള പങ്ക് വലുതാണ്.

# കേരളസഭയുടെ മുറിവുകൾ

:: ജയിംസ് ഐസക്, കുടമാളൂർ ::

രണ്ടായിരത്തി എട്ടിലെ കേരള സഭയുടെ മുറിവുകൾ എന്ന എഡിറ്റോറിയൽ സമയോചിതമായ ഒരു പ്രവാചകശബ്ദം തന്നെ. നമ്മുടെ സെമിനാരികളും ഇതര സഭാവേദികളും ഈ എഡിറ്റോറിയൽ പഠനവിഷയമാക്കണം. ആത്മപരിശോധനയ്ക്ക് തയ്യാറാകേണ്ട സമയമാണിത്. ഇസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായിരുന്നു. സോളമന്റെ കാലത്ത് എല്ലാ ഭൗതികാനുഗ്രഹങ്ങളും ഈ ജനം നേടി. തുടർന്ന് സോളമന്റെ അധഃപതനത്തെക്കുറിച്ച് പ്രഭാഷകൻ സൂചിപ്പിക്കുന്നു: ''എന്നാൽ നീ സ്ത്രീകൾക്ക് അധീനനായി. അഭിലാഷങ്ങൾ നിന്നെ കീഴ്പ്പെടുത്തി. നിന്റെ സത്കീർത്തിക്ക് നീ തന്നെ കളങ്കം വരുത്തി. സന്തതിപരമ്പരയെ മലിനമാക്കി; അവരെ ക്രോധത്തിനിരയാക്കി. നിന്റെ ഭോഷത്തം അവർക്ക് ദുഃഖകാരണമായി. അങ്ങനെ രാജ്യം വിഭജിക്കപ്പെട്ടു'' (പ്രഭാ.47:16–21).

എന്താണ് ഭോഷത്തം? തെറ്റാണെന്നറിഞ്ഞിട്ടും അതിൽ തുടരുന്നതല്ലേ ഭോഷത്തം അല്ലെങ്കിൽ വിഡ്ഢിത്തം. ദൈവത്തിന്റെ രണ്ടാമത്തെ തിരഞ്ഞെടുക്കപ്പെട്ട ജനമാണ് ദൈവപുത്രനായ യേശുവിനെ രക്ഷകനായി സ്വീകരിച്ച ക്രൈസ്തവർ. ദൈവരാജ്യത്തിനു ചേരാത്ത ജീവിതം ക്രൈസ്തവരെയും ദൈവക്രോധത്തിന് പാത്രമാക്കും എന്നതു സുനിശ്ചിതമാണ്. കേരളത്തിൽ ക്രൈസ്തവ ജനതയുടെ വളർച്ചയും അധഃപതനവും ഇവിടെ ചിന്താവിഷയമാകണം. പ്രവാചകശബ്ദം ഇവിടെ ഉയരുകയും പശ്ചാത്താപത്താൽ ക്രൈസ്തവസമൂഹം പുതുജന്മം നേടുകയും ചെയ്താൽ ജീവിക്കും. പാവങ്ങൾക്ക് ദൈവരാജ്യം അനുഭവമാക്കാൻ നമ്മുടെ പൂർവികർ ശ്രമിച്ചു. വിദ്യാലയങ്ങളും ആതുരാലയങ്ങളും സ്ഥാപിച്ച ക്രൈസ്തവജനത ഏവരുടെയും അഭിനന്ദനങ്ങൾക്ക് പാത്രമായി. നമ്മുടെ സ്ഥാപനങ്ങളിൽ നിയമനത്തിനും പ്രവേശനത്തിനും കോഴവാങ്ങാൻ ആരംഭിക്കുകയും പണമുള്ളവർക്ക് മാത്രമായി വൻനിലവാരത്തിലുള്ള സ്കൂളുകളും സ്വാശ്രയസ്ഥാപനങ്ങളും നടത്താൻ മത്സരിക്കുകയും ചെയ്തപ്പോൾ നാം വിദ്യാഭ്യാസ കച്ചവടക്കാർ എന്നു വിളിക്കപ്പെട്ടു. നമ്മെ പരിഹസിക്കാൻ ഇതര സമുദായക്കാർക്ക് നാം തന്നെ അവസരമുണ്ടാക്കി.

കന്യാസ്ത്രീകൾ നടത്തുന്ന സ്ഥാപനങ്ങൾ അച്ചടക്കത്തിനും ധാർമികതയ്ക്കും കേൾവി കേട്ടതായിരുന്നു. അതിൽനിന്നു പിറകോട്ടു പോയപ്പോൾ കന്യാസ്ത്രീകൾ നടത്തിയ ഒരു ഹോസ്റ്റലിൽ അവിഹിതമായ പലതും സംഭവിച്ചു. ഒരു കന്യാസ്ത്രീയുടെ മരണം ആത്മഹത്യയോ കൊലപാതകമോ എന്ന് ഇന്നും നി ശ്ചയിക്കപ്പെട്ടിട്ടില്ല. എങ്കിലും രണ്ടു വൈദികരും ഒരു കന്യാസ്ത്രീയും ഇന്ന് കുറ്റവാളികളാണെന്നു മാധ്യമങ്ങൾ വിളിച്ചുകൂവുന്നു. സഭാസ്നേഹികളുടെ കണ്ണീരോടെയുള്ള പ്രാർത്ഥന ഫലവത്താകുമെന്നു പ്രതീക്ഷിക്കാം. ഈ ദുരന്തങ്ങൾക്ക് കാരണങ്ങൾ സൃഷ്ടിച്ചത് നമ്മുടെ തന്നെ വിഡ്ഢിത്തങ്ങൾ നിമിത്തമല്ലേ?

40 വർഷങ്ങൾക്കു മുമ്പുണ്ടായ മറ്റൊരു സംഭവം ഓർക്കാം. നിഷ്കളങ്കനും നിരപരാധിയുമായ ഒരു നല്ല വൈദികൻ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടു. സെഷൻസ് കോടതി ന്യായാധിപന് വൈദികൻ തന്നെയാണ് കൊല ചെയ്തതെന്നു വിശ്വസിക്കാൻ തെളിവുകൾ ഉണ്ടായി. പോലിസ് മേധാവികൾ സമർത്ഥമായി തെളിവുകൾ അവതരിപ്പിച്ചു. അവർ കെട്ടിച്ചമച്ചതോ സാക്ഷികളെ ഭീഷണിപ്പെടുത്തി ഉണ്ടാക്കിയതോ ആവാം. എന്നാൽ എന്തുകൊണ്ട് ഇതൊക്കെ ഇങ്ങനെ സംഭവിച്ചു? മറ്റാരുടെയോ ചതിക്ക് വിധേയയായ ഒരു സ്ത്രീയെ സഹായിക്കാൻ വൈദികൻ ചെയ്ത നല്ല കാര്യങ്ങളെല്ലാം തനിക്കെതിരായ തെളിവുകളായി പരിഗണിക്കപ്പെട്ടു. തന്റെ നിരപരാധിത്വം ലോകത്തെ അറിയിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഒരു സ്ത്രീക്ക് പ്രതിമാസം സഹായം നൽകുമ്പോൾ മറ്റാരെയെങ്കിലും അറിയിക്കുകയോ താൻ ചെയ്യുന്നതെന്താണെന്ന് സുതാര്യമാകുകയോ ചെയ്യാതിരുന്നത് ആ വൈദികന്റെ ഭോഷത്തമായി കാണുന്നതിൽ തെറ്റുണ്ടോ? ''നിങ്ങൾ സർപ്പത്തെപ്പോലെ വിവേകമതികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരും ആയിരിക്കുവിൻ'' എന്ന ക്രിസ്തുവിന്റെ ഉപദേശം നാം പലപ്പോഴും മറന്നുപോകുന്നു.

ക്രൈസ്തവസമൂഹത്തിന് ഇപ്പോൾ കരണീയമായ മാർഗം ഇതാണ്: സാമൂഹ്യജീവിതത്തിൽ ഇപ്പോൾ നമ്മെ പരിഹസിക്കുകയും കുറ്റം വിധിക്കുകയും ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക. നമ്മുടെ തെറ്റുകൾ നാം തന്നെ കണ്ടെത്തുക. ഇനിയെങ്കിലും സുതാര്യവും നീതിപൂർവകവുമായ ജീവിതശൈലി സ്വീകരിക്കുക. ഇപ്പോൾ നാം അനുഭവിക്കേണ്ടി വന്ന പരിഹാസവും നിന്ദയും താൽക്കാലികമാണ്. ദൈവരാജ്യം നമ്മിലൂടെ യാഥാർത്ഥ്യമാകുന്ന നല്ല കാലം നമുക്ക് പ്രതീക്ഷിക്കാം. പ്രാർത്ഥനാപൂർവം പ്രത്യാശയിൽ ആശ്വസിക്കാം. എല്ലാ മുറിവുകളും സൗഖ്യമാക്കാൻ ദൈവത്തിനു കഴിയും.

# ഏതാണ് വിലകൂടിയ ദാനധർമ്മം?

:: ഫാ. ജോസഫ് വയലിൽ ::

ഒരിക്കൽ വൈദികരുടെ ഒരു കൂട്ടായ്മയിൽ സംബന്ധിക്കുകയായിരുന്നു. വൈദികരിൽ അധികം പേരും ഇടവക വികാരിമാർ ആയിരുന്നു. പല വിഷയങ്ങളെ പറ്റി അവിടെ ഗൗരവമായ ചർച്ച നടന്നു. അക്കൂട്ടത്തിൽ ഇടവക ശുശ്രൂഷയുമായി ബന്ധപ്പെട്ട വിഷയങ്ങളും കടന്നുവന്നു. ഇടവക സംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്ത കൂട്ടത്തിൽ ഇടവകതിരുനാളുകൾ നടത്തുന്ന രീതിയും ചർച്ചാവിഷയമായി. ഇടവക തിരുനാളുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങളും വേദനകളും നിസ്സഹായാവസ്ഥകളും വികാരിയച്ചന്മാരിൽ പലരും പങ്കുവച്ചു. ഇടവക തിരുനാളുകൾ കുറച്ചുകൂടി ആത്മീയമാക്കി മാറ്റണമെന്നും തിരുനാളിന്റെ ആർഭാടങ്ങൾക്കായി ചെലവഴിക്കുന്ന പണത്തിന്റെ അളവ് കുറക്കണമെന്നും പൊതുവായി എല്ലാവരും അഭിപ്രായപ്പെട്ടു. തിരുനാളിനോടനുബന്ധിച്ച് നടത്തുന്ന വിപുലമായ കരിമരുന്ന് പ്രകടനം, അതിലും പ്രധാനമായി ഗാന മേള എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളും ചർച്ച ചെയ്തപ്പോൾ പല വികാരിമാരും തങ്ങളു ടെ നിസ്സഹായതയാണ് പ്രകടിപ്പിച്ചത്. വെടിക്കെട്ടിനുള്ള പണം കുറക്കണം, ഗാനമേളകൾ മിക്ക വാറും അടിപിടിയിലാണ് അവസാനിക്കുന്നത് അതിനാൽ അത് ഒഴിവാക്കുകയാണ് നല്ലത് തുട ങ്ങിയ ആഗ്രഹം വൈദികർ പ്രകടിപ്പിച്ചു.

ഇത്തരം കാര്യങ്ങൾക്കായി മുടക്കുന്ന പണത്തിന്റെ ഒരംശം പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കുക, പാവപ്പെട്ട യുവതികളുടെ കല്യാണം നടത്തുക, പാവപ്പെട്ട ഒരു കുടുംബത്തിന് വീടുവക്കുക തുടങ്ങിയ നിലനിൽക്കുന്ന പരോപകാര പ്രവൃത്തികളിലേക്ക് തിരിച്ചുവിടാൻ ആഗ്രഹമുണ്ടെന്ന് മിക്ക വികാരിയച്ചന്മാരും പറഞ്ഞു. എന്നാൽ, ഇക്കാര്യങ്ങൾ നടപ്പാക്കുവാൻ അവർക്ക് അധികം സാധിക്കാറില്ല എന്ന ദുഃഖവും അവർ രേഖപ്പെടുത്തി. അവരുടെ നിസ്സഹായതയുടെയും ദുഃഖത്തിന്റെയും കാരണങ്ങളും അവർ പറഞ്ഞു. അത് ഇടവക ജനത്തിന്റെ കാഴ്ചപ്പാടിന്റെ ഒരു പ്രശ്നമാണ്.

ഇടവക തിരുനാളിന് വെടിക്കെട്ട്, ഗാനമേള തുടങ്ങിയ പരിപാടികൾ ഗംഭീരമായി നടത്തുന്നുണ്ട്; അതിനാൽ തിരുനാളിന് ഇത്ര രൂപ ചെലവുവരും, അതിനാൽ ഓരോ കുടുംബവും ഇത്ര രൂപവീതം സംഭാവന തരണം, അഥവാ ഉദാരമായി സംഭാവന നൽകണം എന്നൊക്കെ പറഞ്ഞാൽ വേണ്ട രൂപ കിട്ടും. ഒരു പക്ഷേ, തിരുനാൾ മൊത്തമായോ ഭാഗികമായോ സ്പോൺസർ ചെയ്യാൻ വരെ പലരും തയ്യാറാകുകയും ചെയ്യും. എന്നാൽ, തിരുനാളിനോടനുബന്ധിച്ച് നടത്തുന്ന പിരിവിന്റെ ഇത്ര ശതമാനം പാവപ്പെട്ടവരുടെ വിദ്യാഭ്യാസം, വിവാഹം, ഭവനിർമ്മാണം തുടങ്ങിയ കാര്യങ്ങൾക്ക് മാറ്റിവക്കാം എന്ന് പറഞ്ഞാൽ പൊതുവെ അതാർക്കും സ്വീകാര്യമല്ല. ഓരോ കുടുംബവും നൽകുന്ന സംഭാവനയുടെ അളവ് കാര്യമായി കുറയും. ഇനി തിരുനാളിനോടനുബന്ധിച്ച് അല്ലാതെ മറ്റൊരു സന്ദർഭത്തിൽ ഇത്ത രം പരോപകാര പ്രവൃത്തികൾക്ക് സംഭാവന ചോദിച്ചാലും അധികം പേരും കാര്യമായ സംഭാവനകൾ കൊടുക്കാറില്ല. ആഘോഷങ്ങൾ, വ്യക്തിക്കോ, കുടുംബത്തിനോ പേര് കിട്ടുന്ന കാര്യങ്ങൾ, അവനവന് ഇഷ്ടമുള്ള കാര്യങ്ങൾ തുടങ്ങിയവക്ക് കയ്യയച്ച് സംഭാവന നൽകുവാൻ തയ്യാറാകുന്നവർ പോലും പാവപ്പെട്ടവരെ സഹായിക്കുന്ന സംരംഭങ്ങൾക്ക് വേണ്ടത്ര കൈ തുറന്ന് നൽകാറില്ല. ഇതാണീ കാഴ്ചപ്പാടിന്റെ പ്രശ്നം.

കേരളത്തിലെ എത്രയോ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് ഇടവക ദൈവാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ നിർമ്മിച്ചത് ഇടവകക്കാരുടെ കയ്യും മെയ്യും മറന്നുള്ള സംഭാവനകളും അദ്ധ്വാനവും കൊണ്ടാണ്. അത് തർക്കമില്ലാത്ത കാര്യമാണ്. ഇന്നത്തെ അത്രയും വരുമാനം ഇല്ലാതിരുന്ന കാലത്താണ് കഴിവിനതീതമായ സംഭാവനകൾ നൽകി ഇവയെല്ലാം പടുത്തുയർത്തിയത്. സാഹോദര്യത്തിന്റെ, കൂട്ടായ്മയുടെ, വിശ്വാസത്തിന്റെ മഹത്തായ സ്മാരകങ്ങളായി ഇത്തരം സ്ഥാപനങ്ങൾ നിലകൊള്ളുന്നുവെന്നത് അഭിമാനവും സന്തോഷവും നൽകുന്നു. ഇന്നുള്ളവരിലൂടെയും ഇത്തരം സ്ഥാപനങ്ങൾ ഉയരുന്നുണ്ട് എന്നതും നിഷേധിക്കുവാൻ കഴിയില്ല.

എങ്കിലും നമ്മുടെ കാഴ്ചപ്പാടിൽ കുറച്ചൊരു വ്യത്യാസം വന്നാൽ, പാവപ്പെട്ട കുറേ മനുഷ്യരെകൂടി സഹായിക്കുവാൻ നമുക്ക് കഴിയുകയില്ലേ? തിരുനാൾ ആഘോഷങ്ങളുടെ ചെലവുകൾ കുറച്ചു കൊണ്ടോ, മറ്റുവിധത്തിലുള്ള സംഭാവനകളിലൂടെ പണം കണ്ടെത്തിക്കൊണ്ടോ ഓരോ ഇടവകയിലും കുറച്ചുകൂടി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കും. കൂടുതൽ പണം ഉള്ളവരും കുറച്ച് പണം ഉള്ളവരുമെല്ലാം കഴിവുപോലെ പരോപകാര പ്രവൃത്തികൾക്കായി സംഭാവനകൾ നൽകുകയും ആ സംഭാവന തുകയെ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്താൽ ഓരോ ഇടവകയിലും കുറെ വ്യക്തികളെ അഥവാ, കുടുംബങ്ങളെ സഹായിക്കുവാൻ കഴിയും. അതിനുള്ള ഒരു സാമൂഹ്യമനസിനെ കുറേക്കൂടി തൃപ്തിപ്പെടുത്തി എടുക്കേണ്ടതില്ലേ? തിരുനാൾ ചെലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കുന്നതുപോലെ ഒരു കുട്ടിയുടെ വിദ്യാഭ്യാസമോ, വിവാഹമോ, ഒരു ഭവന നിർമ്മാണമോ ഒക്കെ സ്പോൺസർ ചെയ്യാൻ പങ്കെടുക്കുന്നെങ്കിൽ അവരതിന് തയ്യാറാകണം. നാട്ടിൽത്തന്നെ അതിനു കഴിവുള്ള നിരവധി വിദേശ മലയാളികളും ഉണ്ട്.

കരിസ്മാറ്റിക് ധ്യാനങ്ങൾ പ്രചാരണത്തിന് ആയതോടെ ഇക്കാര്യത്തിൽ നല്ലൊരു മുന്നേറ്റം ഉണ്ടായിട്ടുണ്ട് എന്നു കൂടി സൂചിപ്പിക്കട്ടെ. ദാനധർമ്മം, ദശാംശങ്ങൾ തുടങ്ങിയവയെ കരിസ്മാറ്റിക് പ്രസ്ഥാനം വളരെയധികം പ്രോത്സാഹിപ്പിക്കുന്നുണ്ട്. വളരെ ഉദാരമായി ദാനം ചെയ്യുന്നവരും വളരെ കൃത്യമായി ദശാംശം നൽകുന്നവരും ഇപ്പോൾ ധാരാളമായി സ്വദേശത്തും വിദേശത്തും ഉണ്ട്.

കരിസ്മാറ്റിക് ധ്യാനം കൂടിയവരെന്നോ അല്ലാത്തവർ എന്നോ ഉള്ള വ്യത്യാസം ഇല്ലാതെ ഈ പരോപകാര മനോഭാവം എല്ലാവരിലേക്കും വ്യാപിച്ചാൽ അത് എത്ര മനോഹരമായിരിക്കും? അത് എത്രയോ പേർക്ക് വലിയ കൃപയായി മാറും. തിരുനാൾ വെടിക്കെട്ടും ഗാനമേളയും സ്പോൺസർ ചെയ്യുന്നതിനേക്കാൾ മനുഷ്യർക്ക് ഗുണമുള്ളതും ദൈവം പ്രസാദിക്കുന്നതും ഇത്തരം പരോപകാര പ്രവൃത്തികളിൽ അല്ലേ?

ഇനി ഇതിന് സാക്ഷ്യം നൽകുന്ന ഏതാനും ബൈബിൾ വചനങ്ങൾ ഉദ്ധരിക്കട്ടെ. പ്രഭാഷകൻ 4–1 മുതൽ ഉള്ള വചനങ്ങൾ വായിക്കുക. മകനേ പാവപ്പെട്ടവന്റെ ഉപജീവനം തടയരുത്. ആവശ്യക്കാരനെ കാത്തിരുത്തി വിഷമിപ്പിക്കരുത്. വിശക്കുന്നവനെ ദുഃഖിപ്പിക്കരുത്. ഇല്ലാത്തവനെ ക്ഷോഭിപ്പിക്കരുത്. കോപാകുലമായ മനസിന്റെ അസ്വസ്ഥകൾ വർദ്ധിപ്പിക്കരുത്. യാചകന് ദാനം താമസിപ്പിക്കയുമരുത്. കഷ്ടതയനുഭവിക്കുന്നവരെ ശരണാർത്ഥിയെ നിരാകരിക്കുകയോ, ദരിദ്രനിൽ നിന്ന് മുഖം തിരിക്കുകയോ ചെയ്യരുത്. നിന്നെ ശപിക്കുവാൻ ആർക്കും ഇട നൽകുകയും അരുത്... അനാഥർക്ക് പിതാവും അവരുടെ അമ്മയ്ക്ക് ഭർതൃതുല്യനും ആയിരിക്കുക. അപ്പോൾ അത്യുന്നതൻ നിന്നെ പുത്രനെന്ന് വിളിക്കുകയും അമ്മയുടേതിനേക്കാൾ വലിയ സ്നേഹം അവിടുന്ന് നിന്നോടു കാണിക്കുകയും ചെയ്യും.

തോബിത്തിന്റെ പുസ്തകം 4/7 മുതലുള്ള വചനങ്ങൾ ഇങ്ങനെയാണ്: നീതിനിഷ്ഠയോടെ ജീവിക്കുന്നവർക്ക് നിന്റെ സമ്പാദ്യത്തിൽ നിന്ന് ദാനം ചെയ്യുക. ദാനധർമ്മം ചെയ്യുന്നതിൽ മടി കാണിക്കരുത്. പാവപ്പെട്ടവനിൽ നിന്ന് മുഖം തിരിച്ചുകളയരുത്. അപ്പോൾ ദൈവം നിന്നിൽ നിന്ന് മുഖം തിരിക്കുകയില്ല. സമ്പത്തേറുമ്പോൾ അതനുസരിച്ച് ദാനം ചെയ്യുക. കുറച്ചേ ഉള്ളൂ എങ്കിൽ അതനുസരിച്ച് ദാനം ചെയ്യാൻ മടിക്കരുത്. ദരിദ്രകാലത്തേക്ക് ഒരു നല്ല സമ്പാദ്യം നേടി വക്കുക ആയിരിക്കും നീ അതുവഴി ചെയ്യുക. എന്തെന്നാൽ, ദാനധർമ്മം മൃത്യുവിൽ നിന്ന് രക്ഷിക്കുകയും ചെയ്യുന്നു. ദാനധർമ്മം അത്യുന്നതന്റെ സന്നിധിയിൽ വിശിഷ്ടമായ കാര്യമാണ്.

യാക്കോബ് 2:15–17 കൂടി വായിക്കാം: ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിന് ഭക്ഷണമോ വസ്ത്രമോ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളിലാരെങ്കിലും ശരീരത്തിന് ആവശ്യമായത് അവർക്ക് കൊടുക്കാതെ സമാധാനത്തിൽ പോവുക തീ കായുക, വിശപ്പടക്കുക എന്നൊക്കെ പറയുന്നതിൽ അതുകൊണ്ട് എന്തു പ്രയോജനം?

# ദയാവധം കൊലപാതകം തന്നെ

:: റവ. ഡോ. എസ്. ആലത്തറ ::

ദയാവധത്തേയും ആത്മഹത്യയേയും സാധൂകരിക്കുന്ന നിയമ നിർമ്മാണങ്ങൾ മാനുഷിക മൂല്യങ്ങളേയും ധാർമ്മിക വ്യവസ്ഥി തികളേയും ദൈവവിശ്വാസത്തേയും അട്ടിമറിക്കുന്ന തീരുമാനങ്ങളാണ്. ഇന്ത്യൻ ശിക്ഷാനിയമം ഭേദഗതിചെയ്യാനോ ഇല്ലാതാക്കാനോ സംസ്ഥാന നിയമപരിഷ്കരണ കമ്മീഷനോ സംസ്ഥാനസർക്കാരിനോ അധികാരമില്ലെന്നുള്ളതാണ് നിയമപണ്ഡിതരുടെ അഭിപ്രായം.

രോഗത്താൽ പീഡനങ്ങൾ അനുഭവിക്കുന്ന വരേയോ മരണാസന്നരായ രോഗികളേയോ രോഗികളുടെ ആവശ്യപ്രകാരമോ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരമോ അത്യാവശ്യമായ ചികിത്സ നൽകാതെയോ വിഷാംശമുള്ള മരുന്നുകൾ കുത്തിവെച്ചോ കൊലചെയ്യുന്നതാണ് ദയാവധം എന്നപേരിൽ അറിയപ്പെടുന്നത്. യുത്തനേസിയ (euthanasia) എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം വേദന കൂടാതെയുള്ള എളുപ്പമരണമെന്നാണ്. ഭാരതത്തിന്റെ പീനൽകോഡിന്റെ 309–ാം വകുപ്പ് റദ്ദ് ചെയ്തു കൊണ്ടാണ് കേരള സംസ്ഥാന നിയമ പരിഷ്കരണ കമ്മീഷൻ ദയാവധം അനുവദിച്ചു കൊണ്ടും, ആത്മഹത്യ കുറ്റകരമാണെന്നുള്ള വ്യവസ്ഥ എടുത്തു കളഞ്ഞുകൊണ്ടുമുള്ള കരട് ബില്ല് തയ്യാറാക്കിയിരിക്കുന്നത്. ദയാവധത്തേയും ആത്മഹത്യയേയും സാധൂകരിക്കുന്ന നിയമനിർമ്മാണങ്ങൾ മാനുഷിക മൂല്യങ്ങളേയും ധാർമ്മിക വ്യവസ്ഥിതികളേയും ദൈവവിശ്വാസത്തേയും അട്ടി മറിക്കുന്ന തീരുമാനങ്ങളാണ്. ഇന്ത്യൻ ശിക്ഷാ നിയമം ഭേദഗതിചെയ്യാനോ ഇല്ലാതാക്കാനോ സംസ്ഥാന നിയമ

പരിഷ്കരണ കമ്മീഷനോ സംസ്ഥാന സർക്കാരിനോ അധികാരമില്ലെന്നുള്ളതാണ് നിയമപണ്ഡിതരുടെ അഭിപ്രായം.

ദയാവധം രണ്ട് വിധത്തിൽ നടപ്പിലാക്കുന്നരീതി ലോകത്തിൽ ഇന്ന് നിലനിൽക്കുന്നുണ്ട്. രോഗിയുടെ അനുവാദത്തോടെ രോഗിയെ കൊല്ലുന്നതും **(Voluntary Euthanasia)** രോഗി അറിയാതെ തന്നെ ഡോക്ടർമാർ രോഗിയെ വധിക്കുന്നതും **(Involuntary Euthanasia)** ദയാവധത്തിന്റെ രണ്ട് രീതികളാണ്. രോഗികളെ കൊല്ലുന്ന രീതി അതിപുരാതനമായ സമ്പ്രദായമാണ്. ബി.സി. നാനൂറുകളിൽ ഗ്രീക്ക് സംസ്ക്കാരത്തിൽ ദയാവധം നടപ്പിലാക്കിയതിന് തെളിവുകളുണ്ട്. 1300–ൽ ബ്രിട്ടനാണ് ദയാവധം നിയമം മൂലം നിറുത്തലാക്കിയ ആദ്യ രാജ്യം. ഇന്ന് ലോകത്തിൽ അഞ്ച് രാജ്യങ്ങളിൽ മാത്രമേ ദയാവധം നിയമവിധേയമാക്കിയിട്ടുള്ളൂ. ബെൽജിയം, ലുക്സംബുർഗ്, നെതർലന്റ്, സ്വിറ്റ്സർലണ്ട്, തായിലാന്റ് എന്നീ രാജ്യങ്ങളിലും ഓസ്ട്രേലിയയിലെ ഒരു സംസ്ഥാനത്തും അമേരിക്കയിലെ രണ്ട് സംസ്ഥാനങ്ങളിലും ദയാവധം അനുവദനീയമാണ്. ലോകത്തിലെ പ്രധാനമതങ്ങൾ എല്ലാം തന്നെ ദയാവധത്തെ കൊലപാതകമായാണ് പരിഗണിച്ചിരിക്കുന്നത്. രാജ്യനിയമങ്ങളേക്കാൾ മതനിയമങ്ങൾക്കാണ് ദൈവവിശ്വാസികൾ പ്രാധാന്യം കൽപ്പിക്കുന്നത്. ഭാരതത്തിൽ ബഹുഭൂരിഭാഗം ജനങ്ങളും ദൈവവിശ്വാസികളാണെന്നിരിക്കെ ഭാരതം ദയാവധത്തെ അനുകൂലിച്ച് നിയമനിർമ്മാണം നടത്തിയാലും ജനങ്ങൾ അത് അംഗീകരിക്കണമെന്നില്ല. ജനാധിപത്യ വ്യവസ്ഥ നമ്മുടെ നാട്ടിൽ നിലനിൽക്കുന്നതുകൊണ്ട് മതാനുയായികളുടെ വിശ്വാസത്തിനെതിരായി നിയമ നിർമ്മാണം നടത്തി അടിച്ചേൽപ്പിച്ചാൽ അത് ദൈവവിശ്വാസത്തിലുള്ള കടന്നുകയറ്റവും ജനാധിപത്യസമ്പ്രദായത്തോടുള്ള വെല്ലുവിളിയുമാണ്.

ദയാവധത്തെക്കുറിച്ചുള്ള ക്രൈസ്തവ ദർശനം

കത്തോലിക്കാസഭ ദയാവധത്തെ എതിർക്കുന്നത് പ്രധാനമായും മൂന്നു കാര്യങ്ങൾകൊണ്ടാണ്. സഭാപഠനങ്ങൾ അനുസരിച്ച് ദൈവവിശ്വാസത്തിന്റെയും ധാർമ്മിക മൂല്യങ്ങളുടെയും മനുഷ്യാവകാശത്തിന്റെയും ലംഘനം ദയാവധത്തിൽ ഉണ്ട്. 1980 മെയ് അഞ്ചാം തീയതി ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ഭരണകാലഘട്ടത്തിൽ ദയാവധത്തെക്കുറിച്ച് സാർവത്രിക സഭയുടെ വിശ്വാസ തിരുസംഘം പുറപ്പെടുവിച്ച അപ്പസ്തോലിക രേഖയാണ് ദയാവധത്തെക്കുറിച്ചുള്ള സഭയുടെ അടിസ്ഥാനപഠന രേഖ. 1962 മുതൽ 1965 വരെ നടന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയായ ജനതകളുടെ പ്രകാശ'**(Gaudium et spes. 27)** ത്തിൽ ദയാവധത്തെ കൊലപാതകമായിട്ടാണ് കൗൺസിൽ നിർവചിച്ചിട്ടുള്ളത്. സഭയുടെ വിശ്വാസമനുസരിച്ച് ജീവന്റെ ദാതാവ് ദൈവമാണ് . മനുഷ്യജീവനെ നശിപ്പിക്കാനോ ഇല്ലാതാക്കാനോ വ്യക്തികൾക്ക് അധികാരവും അവകാശവുമില്ല. സഭയുടെ പഠനമനുസരിച്ച് ദയാവധം കൊലപാതകമാണ്. ദയാവധത്തിന് പ്രേരിപ്പിക്കുന്നവരും അതുമായി സഹകരിക്കുന്ന ഡോക്ടർമാരും നേഴ്സുമാരുമടക്കമുള്ള വ്യക്തികളും കൊലപാതകത്തിൽ പങ്കുകാരാവുന്നവരാണ്. അഞ്ചാമത്തെ ദൈവകല്പ്പന കൊല്ലരുത് എന്ന് പഠിപ്പിക്കുന്നു (പുറപ്പാട് 20:13; നിയമാവർത്തനം 5:17), നീ കൊല്ലരുത്'എന്ന കൽപ്പന കർത്താവ് മലയിലെ പ്രസംഗത്തിൽ ആവർത്തിക്കുകയും ചെയ്തിട്ടുണ്ട് (മത്താ. 5:21). പരോക്ഷമായിട്ട് ഒരു വ്യക്തിയുടെ മരണം ഉളവാക്കുക എന്ന ഉദ്ദേശത്തോടെ എന്തെങ്കിലും ചെയ്യുന്നത് അഞ്ചാം കൽപ്പനയുടെ ലംഘനമാകുന്നു എന്ന് സാർവത്രിക സഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു. **(CCC2269)**.

വ്യക്തിയുടെ മഹത്വവും മനുഷ്യജീവന്റെ മഹത്വവും ദയാവധത്തിൽ ലംഘിക്കപ്പെടുന്നു. ജീവിക്കുകയും ജീവൻ നിലനിറുത്തുകയും ചെയ്യുക എന്നത് മനുഷ്യന്റെ അടിസ്ഥാനപരമായ മനുഷ്യാവകാശം കൂടിയാണ്. 1948 ഡിസംബർ 10–ന് പ്രാബല്യത്തിൽ വന്ന ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ആർട്ടിക്കിൾ മൂന്നിൽ ജീവിക്കുവാനുള്ള വ്യക്തിയുടെ അടിസ്ഥാനപരമായ അവകാശത്തെയാണ് വിവരിച്ചിരിക്കുന്നത്. മനുഷ്യജീവൻ അതിന്റെ ആരംഭം മുതൽ ദൈവത്തിന്റെ സൃഷ്ടിപരമായ പ്രവർത്തനം ഉൾക്കൊള്ളുന്നതുകൊണ്ടും അതിന്റെ ഏകലക്ഷ്യമായ സ്രഷ്ടാവുമായുള്ള സവിശേഷബന്ധത്തിൽ എന്നും നിലനിൽക്കുന്നതുകൊണ്ടും പാവനമാണ്. ദൈവം മാത്രമാണ് ജീവന്റെ ആരംഭംമുതൽ അവസാനംവരെ അതിന്റെ ഉടയവൻ; നിരപരാധിയായ ഒരു മനുഷ്യജീവിയെ നേരിട്ട് നശിപ്പിക്കാൻ ആർക്കും യാതൊരു സാഹചര്യത്തിലും അവകാശപ്പെടാൻ സാധിക്കില്ല '**(CCC2258; Donum Vitae5)**. മരണം ആസന്നമെന്ന് തോന്നിയാലും ഒരു രോഗിക്ക് നൽകേണ്ട സാധാരണ പരിചരണം നിഷേധിക്കുന്നത് ശരിയല്ല എന്നാണ് സഭയുടെ ധാർമ്മികപഠനം. ജീവിതത്തിൽ ബലക്ഷയവും രോഗവുമുള്ളവർ പ്രത്യേക ബഹുമാനം അർഹിക്കുന്നു. കഴിയുന്നിടത്തോളം സാധാരണ ജീവിതം നയിക്കാൻ രോഗികളെയും വൈകല്യമുള്ളവരേയും സഹായിക്കേണ്ടതാണ്. ലക്ഷ്യങ്ങളും മാർഗങ്ങളും എന്തായാലും വൈകല്യമുള്ളവരുടെയും രോഗികളുടെയും മരണാസന്നരുടെയും ജീവിതം അവസാനിപ്പിക്കുന്ന ദയാവധം ധാർമ്മികമായി സ്വീകാര്യമല്ല' **(CCC2277)**.

മനുഷ്യന്റെ ജീവൻ വിലപ്പെട്ടതാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് (ഉൽപത്തി 1:27). ദൈവം മനുഷ്യന് ജീവൻ നൽകിയിരിക്കുന്നത് അത് സംരക്ഷിക്കുവാനും സമ്പുഷ്ടമാക്കാനും ദൈവത്തിന് ഇഷ്ടമായവിധം ജീവിച്ച് അവിടുന്ന് നിശ്ചയിക്കുന്ന സമയമാകുമ്പോൾ അത് അവിടുത്തേക്ക് തിരിച്ചേൽപ്പിക്കുവാനുമാണ്. ജീവനെ സംരക്ഷിക്കു

വാനും ബഹുമാനിക്കുവാനുമുള്ള കടമ എല്ലാവർക്കുമുണ്ട്. ജീവൻ സംരക്ഷിക്കുവാനുള്ള കടമ വ്യക്തികൾക്കെന്നതുപോലെ ആ വ്യക്തി സമ്പർക്കം പുലർത്തുന്ന എല്ലാവർക്കുമുണ്ട്. ബന്ധുക്കളും സ്നേഹിതരും അ യൽക്കാരും നേഴ്സുമാരും ഡോക്ടർമാരും ജീവി ക്കുന്ന സമൂഹവും ഈ കടമയിൽ പങ്കുകാരാകുന്നു. ഉപയോഗമില്ലാത്ത ജീവൻ നശിപ്പിക്കാൻ ധാർമ്മികപരമായി ആർക്കും തന്നെ അവകാ ശമില്ല.

സഹനത്തിന്റെ രക്ഷാകരമൂല്യം
ഉപയോഗശൂന്യമായതിനെ വലിച്ചെറിയുന്ന സംസ്ക്കാരമാണ് ഉപഭോഗസംസ്ക്കാരം. ജീവിക്കുന്ന വ്യക്തികളെകൊണ്ട് സമൂഹത്തിന് ഉപയോഗം ഇല്ലാതെ വരുമ്പോഴും രോഗികളായവരുടെ ജീവിതം സമൂഹത്തിനും ബന്ധുക്കൾക്കും ഭാരമായിത്തീരുമ്പോഴും അത്തരം വ്യക്തികളെ കൊന്നുകളയുക എന്നത് കിരാതമായ സമ്പ്രദായമാണ്. മരണാസന്നരായ രോഗിയേയും ഒരിക്കലും ജീവിതത്തിലേക്ക് തിരിച്ചുവരില്ല എന്ന് വൈദ്യശാസ്ത്രം തീർപ്പ് കൽപ്പിക്കുന്നവരേയുമാണ് ദയാവധത്തിന് വിധേയമാക്കുക എന്ന തെറ്റായ ന്യായ വാദം ചിലർ വച്ചുപുലർത്തുന്നുണ്ട്. ഒരു വ്യക്തിക്കുപോലും ജീവൻ നൽകാൻ ദൈവത്തിനല്ലാതെ മറ്റാർക്കും സാധിക്കാതിരിക്കെ ജീവൻ തിരിച്ചെടുക്കുവാനും ദൈവിനു മാത്രമേ അവകാശമുള്ളൂ. ക്രൈസ്തവ ദൈവശാസ്ത്ര ദർശനമനുസരിച്ച് സഹനത്തിന് രക്ഷാകര മൂല്യമുണ്ട്. ഒരു വ്യക്തിയുടെ സഹനങ്ങൾ തന്റെ തന്നെ ആത്മാവിന്റെ രക്ഷയ്ക്കോ ഇതര സഹോദരങ്ങളുടെ ആത്മരക്ഷയ്ക്കോ ഉപയോഗിക്കാൻ സാധിക്കും. പീഡാസഹനത്തിലൂടെയും കുരിശുമരണത്തിലൂടെയുമാണ് യേശുക്രിസ്തു ലോകത്തെ വീണ്ടെടുത്ത് രക്ഷിച്ചത്.

മാനസികമായും ശാരീരികമായും സഹിക്കുന്നവർ യേശുവിന്റെ സഹനത്തിൽ പങ്കുകാരും രക്ഷാകര പ്രവർത്തനത്തിൽ ഭാഗഭാക്കുകളുമാണ്. (ഇഇ1521;1508). സഹനത്തിന്റെ രക്ഷാകരമൂല്യം സഹിക്കുന്ന രോഗികളും അവരെ ശുശ്രൂഷിക്കുന്ന ബന്ധുക്കളും ഉൾക്കൊണ്ടാൽ ജീവിതം അലൗകീക സന്തോഷമായി പരിവർത്തനം ചെയ്യാൻ സാധിക്കും. നമ്മൾ സഹനത്തിൽ നിന്ന് വഴിമാറിപ്പോയതുകൊണ്ടോ ഓടിപ്പോയതുകൊണ്ടോ അല്ല രക്ഷ പ്രാപിക്കുന്നത് പിന്നെയോ അത് സ്വീകരിക്കാനുള്ള കഴിവുകൊണ്ടാണ്.

അനന്തമായ സ്നേഹംകൊണ്ട് സഹനം ഏറ്റെടുത്ത ക്രിസ്തു വിനോടുള്ള ഐക്യത്തിലൂടെ സഹനത്തിന് അർത്ഥം കാണാൻ സാധിക്കണമെന്ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നു. (പ്രത്യാശയിൽ രക്ഷ 37). സഹിക്കുന്നതുകൊണ്ടും വ്യക്തിക്ക് സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരാൻ സാധിക്കാത്തതു കൊണ്ടും രോഗിയെ കൊല്ലുന്ന ദയാവധത്തിന്റെ വികലമായ വാദഗതികൾ, സഹനത്തെ യേശുവിനെപ്പോലെ സ്നേഹിക്കുകയും സഹനത്തിന്റെ രക്ഷാകരമൂല്യം തിരിച്ചറിയുകയും ചെയ്ത ദൈവവിശ്വാസിക്ക് ഒരിക്കലും അംഗീകരിക്കാൻ സാധിക്കില്ല.